## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 5549 — 25.10.2011 ൽ മറുപടിയ്ക്ക്

<u>ബന്തടുക്കയിലെ ഗസ്റ്റ്ഹൗസ് ദുരുപയോഗം</u>

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ബന്തടുക്കയിൽ ഗസ്റ്റ്ഹൗസ് നിലവിലുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഈ ഗസ്റ്റ്ഹൗസ് മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ലഭിച്ച വരുമാനവും ചെലവും പ്രത്യേകം വിശദമാക്കാമോ ; | ബി) ഗസ്റ്റ്ഹൗസ് മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 61,978/- രൂപ വരുമാനവും 4,16,385/- രൂപ ചെലവും വന്നിട്ടുണ്ട്. |
| സി) പ്രസ്തുത ഗസ്റ്റ്ഹൗസ്, ജീവനക്കാരുടെ സഹകരണത്തോടെ സാമൂഹ്യവിരുദ്ധർ മദ്യപാനത്തിനും മറ്റും ഉപയോഗിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ജീവനക്കാരുടെ സഹകരണത്തോടെ ഇത്തരം കാര്യങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) അടുത്തകാലത്ത് ഇവിടെ താമസിച്ച ഡോക്ടർ സാമൂഹ്യവിരുദ്ധരുടെ കയ്യേറ്റത്തിന് ഇരയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) പ്രസ്തുത സ്ഥാപനം ദുരുപയോഗം ചെയ്യുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | ഇ) ബന്തടുക്ക ഗസ്റ്റ്ഹൗസിൽ, സ്ഥിരമായി പരിശോധന നടത്തി വരുന്നതും പരാതി പുസ്തകം ലഭ്യമാക്കിയിട്ടുള്ളതുമാകുന്നു. പ്രസ്തുത ഗസ്റ്റ് ഹൗസിൽ മദ്യപാനം പാടില്ല എന്ന് എഴുതിയ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ദുരുപയോഗം ചെയ്യുന്നത് തടയാൻ വേണ്ട കർശന നിർദ്ദേശം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ